# ചെക്ക്പോസ്റ്റുകളിൽ നിന്നുള്ള കണക്കുകൾ

**ചെക്ക്പോസ്റ്റുകളുടെ** മുഖ്യ ധർമ്മം സംസ്ഥാനത്തിന് പുറത്തുനിന്ന് ഓരോ വ്യാപാരിയും കൊണ്ടുവരുന്ന ചരക്കുകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കുക എന്നതാണ്. അവ ബന്ധപ്പെട്ട നികുതിനിർണയ അധികാരികൾക്ക് എത്തിക്കുകയും വേണം.ഇതുപ്രകാരം ശേഖരിക്കേണ്ടത് താഴെപ്പറയുന്നവയാണ്.

ബിൽനമ്പർ, തീയതി, ചരക്ക് അയക്കുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടേയോ മേൽവിലാസം, ചരക്കു കൈപ്പറ്റുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടേയോ മേൽവിലാസം, വാങ്ങുന്നയാളുടെ ടിൻ നമ്പർ, രജിസ്റ്റേർഡ് ഡീലറാണെങ്കിൽ സി.എസ്.ടി നമ്പർ, ചരക്കിന്റെ ഇനം തിരിച്ച് പേരും തൂക്കവും, ചരക്കിന്റെ വില.

എന്താണ് ഈ കണക്കുകളുടെ പ്രാധാന്യം എന്ന് ഒന്നാം അധ്യായത്തിൽതന്നെ സൂചിപ്പിച്ചുകഴിഞ്ഞല്ലോ. എങ്കിലും മഹാഭൂരിപക്ഷം ആളുകൾക്കും നികുതിപിരിവും ചെക്ക്പോസ്റ്റിലെ കണക്കും സംബന്ധിച്ചുള്ള ലളിതമായ ബന്ധം ഇനിയും മനസ്സിലായിട്ടില്ല.

നികുതി പിരിക്കണമെങ്കിൽ വ്യാപാരിയുടെ വിറ്റുവരവിനെ സംബന്ധിച്ച് കൃത്യമായ കണക്കുകളുണ്ടാകണം. ഇത് വില്പന ബില്ലുകളിൽ നിന്നും കണക്ക് കൂട്ടിയെടുക്കാം. പക്ഷെ കോടിക്കണക്കിന് ബില്ലുകൾ പരിശോധിക്കേണ്ടി വരും. മറ്റൊരു മാർഗമുണ്ട്. അവർ വാങ്ങുന്നത് എത്രയെന്ന് കണക്ക് കൂട്ടുക. ഇത് താരതമ്യേന എളുപ്പമാണ്. കാരണം ആയിരക്കണക്കിന് വില്പന ബില്ലുകൾക്ക് ഒരു പർച്ചേസ് ബില്ലോ ഇൻവോയിസോ മാത്രമേ ഉണ്ടാകൂ. ഇവ കൃത്യമായി ശേഖരിക്കുന്നതിന് ചെക്ക് പോസ്റ്റുകൾ സഹായിക്കും.

കേരളത്തിൽ വിൽക്കുന്ന ചരക്കുകളുടെ 80 ശതമാനത്തോളം സംസ്ഥാനത്തിന് പുറത്തു നിന്ന് വരുന്നവയാണ്. ഇവയിലേതാണ്ട് പകുതി വാളയാറും അനുബന്ധ ചെക്ക് പോസ്റ്റുകളിലും കൂടിയുമാണ് കടന്നു വരുന്നത്. അതിർത്തി ചെക്ക്പോസ്റ്റുകളിൽ വച്ച് ഓരോ വ്യാപാരിയും വിൽക്കുന്നതിനായി പുറത്തുനിന്നും കൊണ്ടു വരുന്ന ചരക്കുകൾ സംബന്ധിച്ച കണക്കുകൾ ശേഖരിക്കുവാൻ കഴിഞ്ഞാൽ അവരുടെ വിറ്റുവരുമാനത്തെക്കുറിച്ച് സാമാന്യം ശരിയായ നിഗമനങ്ങളിൽ എത്തിച്ചേരുവാൻ കഴിയും.

## കണക്കുകൾ ഓൺലൈൻ ആക്കൽ

വാറ്റ് നികുതിസമ്പ്രദായം നിലവിൽവരുന്നതിനു മുമ്പുതന്നെ ചെക്ക്പോസ്റ്റുകളിൽ കണക്കുകൾ ശേഖരിച്ചിരുന്നു. ചെക്ക്പോസ്റ്റിലുള്ള വെഹിക്കിൾ ചെക്ക് രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ ഓരോ വണ്ടിയെക്കുറിച്ചും രേഖപ്പെടുത്തും.

- ക്രമനമ്പർ, സമയം
- വണ്ടിയുടെ രജിസ്ട്രേഷൻ നമ്പർ, വണ്ടിയുടമസ്ഥന്റെ പേര്, വിലാസം
- അയക്കുന്ന ആളുടെപേര് വിലാസം
- വാങ്ങുന്നയാളുടെ പേരും വിലാസവും
- ചരക്കിന്റെ പേര്, തൂക്കം, അളവ്, വില,
- ബന്ധപ്പെട്ട രേഖകൾ (ബില്ല്/ഡെലിവറി നോട്ട്/ സർട്ടിഫിക്കറ്റ് ഓഫ് ഓണർഷിപ്പ്),
- ഡ്രൈവറുടെപേര്, ലൈസൻസ് നമ്പർ.

വെഹിക്കിൾ ചെക്ക് രജിസ്റ്ററിൽ ഇവ രേഖപ്പെടുത്തിയ ശേഷം ഡിക്ലയർചെയ്ത ചരക്കുകൾ തന്നെയാണോ വണ്ടിയിലുള്ളത് എന്ന് പരിശോധിക്കും. അത് ഉറപ്പുവരുത്തിക്കഴിഞ്ഞാൽ ബില്ലിന്റെയോ ഇൻവോയ്സിന്റെയോ പകർപ്പ് സീലടിച്ച് എക്സിറ്റ് പാസ് നൽകും. ബില്ലിന്റെയോ ഇൻവോയ്സിന്റെയോ ഒരു പകർപ്പ് ചെക്ക്പോസ്റ്റിൽതന്നെ സൂക്ഷിക്കും. ഇപ്രകാരം ചെക്ക്പോസ്റ്റുകളിൽ ശേഖരിക്കുന്ന ബില്ലുകൾ/ഇൻവോയ്സുകൾ/ മറ്റ് ബന്ധപ്പെട്ട രേഖകൾ അഥവാ ഡിക്ലറേഷൻസ്, വാങ്ങുന്നയാളുടെ നികുതിയോഫീസ് അടിസ്ഥാനത്തിൽ തരംതിരിച്ച് ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അയക്കും. ഇതായിരുന്നു നിലവിലുണ്ടായിരുന്ന സമ്പ്രദായം.

ഇങ്ങനെ ഓരോ ഓഫീസിനും കിട്ടുന്ന രേഖകൾ പഠിച്ചിട്ടുവേണം വ്യാപാരികളിൽനിന്ന് നികുതി അസസ് ചെയ്യാൻ എന്നാണ് വയ്പ്പ്. എന്നാൽ അധികമാരും ഈ പൊല്ലാപ്പിനൊന്നും പോവുകയില്ല. നികുതി നിർണയിക്കുന്നതിന് സർവസാധാരണമായിത്തീർന്ന രീതി കടപരിശോധനയായിരുന്നു. അവിടെയുള്ള സ്റ്റോക്ക്, കണക്കുകൾ ഇതെല്ലാം നോക്കി നികുതി ആഫീസർ അസസ്മെന്റ് ചെയ്യുകയാണ് പതിവ്. ഉദ്യോഗസ്ഥർക്ക് സ്വേഛാപരമായ അധികാരവും അഴിമതിക്കുള്ള സാഹചര്യവും ഈ മൂന്നാംമുറ സമ്പ്രദായത്തിലൂടെ ലഭിക്കുന്നു എന്നുള്ളതിനാൽ ഇതായിത്തീർന്നു ഇഷ്ട പ്രവർത്തന ശൈലി. ചെക്ക്പോസ്റ്റുകളിൽനിന്നുള്ള കണക്കുകൾ ആരും ഗൗനിക്കാറില്ല. അതോടെ കണക്കുകൾ ആപ്പീസുകളിലേക്ക് അയച്ചുകൊടുക്കുന്നതും ചട്ടപ്പടിയായി.

വാറ്റ് നികുതി സമ്പ്രദായം മുമ്പ് നിലവിലിരുന്ന വില്പനനികുതി സമ്പ്രദായത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. ഉദ്യോഗസ്ഥ കേന്ദ്രീകൃതമായ നികുതിനിർണയ സമ്പ്രദായത്തിനു പകരം വ്യാപാരികൾതന്നെ മാസന്തോറും ഭനികുതി റിട്ടേൺ എന്ന പ്രസ്താവന വഴി നൽകുകയാണ്. അവയിൽ വാങ്ങിയ സാധനങ്ങൾ, വിറ്റസാധനങ്ങൾ, വില, വാങ്ങിയപ്പോൾ നൽകിയ നികുതി, വിറ്റപ്പോൾ കിട്ടിയ നികുതി ഇതൊക്കെ രേഖപ്പെടുത്തേണ്ടതാണ്. ഇവയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനെയാണ് സ്ക്രൂട്ടിനി എന്നു പറയുന്നത്. സ്ക്രൂട്ടിനി നടത്തുമ്പോൾ കണ്ടെത്തുന്ന പോരായ്മകളെക്കുറിച്ച് ഓഡിറ്റ് നടത്തുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ക്രൂട്ടിനിയും ഓഡിറ്റും ഒന്നും ഫലപ്രദമായി നടക്കുന്നില്ല.

### മൂന്നാം മുറകൾക്കു വിട

കേരളത്തിലെ വാണിജ്യ നികുതി വകുപ്പും വ്യാപാര സമൂഹവും തമ്മിലുള്ള സംഘർഷത്തിന്റെ മൂലകാരണം വ്യാപകമായ കടപരിശോധനകളായിരുന്നു. ഗണ്യമായ തോതിൽ നികുതി വെട്ടിക്കപ്പെടുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഇത് തടയുന്നതിന് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ച പ്രധാന മാർഗം കടകളിൽ മിന്നൽ പരിശോധന നടത്തുകയും കള്ളക്കണക്കുകൾ കണ്ടുപിടിക്കുകയുമാണ്. നികുതി വെട്ടിപ്പുകാർ സ്വാഭാവികമായും കൈക്കൂലി നൽകി രക്ഷപ്പെടുവാൻ ശ്രമിക്കും. ഇത് അഴിമതിയുടെ ഒരു ദൂഷിത വലയം സൃഷ്ടിച്ചു. സത്യസന്ധരായ വ്യാപാരികളും പീഡിപ്പിക്കപ്പെട്ടു. സർക്കാരിന് ലഭിക്കുന്ന അധികവരുമാനത്തെക്കാൾ ഗണ്യമായ ഭാഗം അഴിമതിയിലൂടെ ചോരുന്ന അവസ്ഥയുണ്ടായി. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് അനുവർത്തിച്ച ഇത്തരത്തിലുള്ള മൂന്നാം മുറകൾ വ്യാപാരികളുടെ സംഘടിതമായ ചെറുത്ത് നിൽപ്പിലേക്ക് നയിച്ചു. ഈ സംഘർഷാന്തരീക്ഷത്തെ ഇല്ലാതാക്കി സൗഹാർദ്ദപരമായ അന്തരീക്ഷം വളർത്തിയെടുക്കുന്നതിനു കഴിഞ്ഞു എന്നതാണ് നികുതി വകുപ്പിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രധാന നേട്ടങ്ങളിലൊന്ന്. ഈ നേട്ടം നിലനിർത്തുവാൻ വകുപ്പ് ആഗ്രഹിക്കുന്നു. അതുകൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി മൂന്നാം മുറ പാരമ്പര്യത്തിലേക്ക് തിരിച്ചു പോകുവാൻ ഉദ്ദേശമില്ല.

എന്നാൽ നികുതി വരുമാനം ഇനിയും ഗണ്യമായി ഉയർന്നേ തീരൂ. കേരളത്തിന്റെ നികുതി-ആഭ്യന്തര ഉത്പാദന തോത് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് താരതമ്യേന ഉയർന്നതാണന്ന് പലരും പറയാറുണ്ട്. എന്നാൽ കേരളത്തിലെ യഥാർത്ഥ വരുമാനം കണക്കിലെടുക്കുകയാണെങ്കിൽ, അതായത്, ആഭ്യന്തര ഉല്പാദന വരുമാനവും, അതോടൊപ്പം ഗൾഫ് വരുമാനവും കൂടി കണക്കി

ലെടുക്കുകയാണെങ്കിൽ, ഈ തോത് വളരെ താഴ്ന്നതാണെന്ന് കാണാം. കേരളത്തിന്റെ നികുതി വരുമാന വർദ്ധന നമ്മുടെ അയൽ സംസ്ഥാനങ്ങളെക്കാൾ കഴിഞ്ഞ ഒരു ദശാബ്ദ കാലത്ത് താഴേക്ക് പോവുകയാണ് ഉണ്ടായത്. സംസ്ഥാന വരുമാനം ഒരു ശതമാനം ഉയരുമ്പോൾ സംസ്ഥാന നികുതി വരുമാനം 0.8 ശതമാനമെ ഉയരുന്നുള്ളു. റിസർവ്വ് ബാങ്ക് വിവിധ സംസ്ഥാനങ്ങളുടെ നികുതി ദായക ശേഷിയുടെ അടിസ്ഥാനത്തിൽ നികുതി വരുമാനത്തെ പരിശോധിച്ചപ്പോൾ കേരളം താരതമ്യേ പിന്നിലാണെന്ന് കണ്ടു. ഇതിലൊരു മാറ്റം കഴിഞ്ഞ വർഷം കാണുവാൻ കഴിഞ്ഞു. വാറ്റ് നികുതി വരുമാനം ഏതാണ്ട് 50 ശതമാനവും മൊത്തം നികുതി വരുമാനം 20 ശതമാനവും ഉയർന്നു. ഈ വർഷവും ഈ വളർച്ച തോത് നിലനിർത്താനാണ് ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

പട്ടിക 7.1

*സംസ്ഥാന നികുതി പിരിവ് 2006-07 (രൂപ കോടിയിൽ)*

| ഇനം | 2005-06 പിരിവ് | 2006-07 ലക്ഷ്യം | 2006-07 പിരിവ് | ലക്ഷ്യത്തിന്റെ ശതമാനം | മുൻവർഷത്തിൽ നിന്ന് വർധന | വർധന ശതമാനത്തിൽ |
|---|---|---|---|---|---|---|
| വാറ്റ് | 2946.11 | 4000 | 4482.11 | 111.55 | 1536.00 | 51.14 |
| വാറ്റിതരം | 4091.85 | 4130 | 4204.71 | 101.82 | 112.86 | 9.17 |
| മൊത്തം | 7037.96 | 8130 | 8686.82 | 106.85 | 1648.86 | 23.15 |

പട്ടിക 7-2

*സംസ്ഥാന നികുതിപിരിവ് 2007-08ൽ (രൂപ കോടിയിൽ)*

| ഇനം | 2007-08 വാർഷിക ലക്ഷ്യം | 2006-07 പിരിവ് 31.8.06 വരെ | 2007-08 ആനുപാതിക ലക്ഷ്യം 31.8.07 വരെ | 2007-08 പിരിവ് 31.8.07 വരെ | 2007-08 പിരിവ് ആനുപാതിക ലക്ഷ്യത്തിന്റെ ശതമാനത്തിൽ | കഴിഞ്ഞ വർഷത്തെക്കാൾ വർദ്ധനവ് | വർധന ശതമാനത്തിൽ |
|---|---|---|---|---|---|---|---|
| വാറ്റ് | 6150 | 1658 | 2325 | 1969 | 85 | 311 | 18.75 |
| വാറ്റിതരം | 4990 | 1435 | 1835 | 1477 | 80 | 42 | 2.93 |
| **മൊത്തം** | 11140 | 3093 | 4160 | 3446 | 82.84 | 353 | 11.41 |

എന്നാൽ 2007-08 വർഷത്തെ ആദ്യത്തെ 5 മാസത്തെ അനുഭവം അത്ര ആവേശകരമല്ലെന്ന് പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ വർഷം (2006-07) വാറ്റ് നികുതി ഏപ്രിൽ - ആഗസ്റ്റ് മാസത്തിൽ 1658 കോടി രൂപയായിരുന്നു. നടപ്പുവർഷം (2007-08) ഈ കാലയളവിൽ പിരിഞ്ഞത് 1969 കോടി രൂപയാണ്. വർദ്ധന 18.75 ശതമാനം മാത്രമാണ്.

നടപ്പു വർഷത്തിൽ ആഗസ്റ്റ് വരെ ലക്ഷ്യമിട്ടതിന്റെ 85 ശതമാനം വാറ്റ് നികുതിയെ പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുള്ളു. വാറ്റിതര നികുതിയാകട്ടെ ലക്ഷ്യത്തിന്റെ 80 ശതമാനമെ എത്തിയിട്ടുള്ളു. മൊത്തം ആനുപാതിക ലക്ഷ്യത്തിന്റെ നികുതി ലക്ഷ്യമിട്ടതിന്റെ 82.84 ശതമാനമേ എത്തിയിട്ടുള്ളു. മുൻവർഷത്തെ അപേക്ഷിച്ച് വാറ്റ് നികുതി 18.75 ശതമാനമേ വർദ്ധിച്ചിട്ടുള്ളു. ഇത് 50 ശതമാനമെങ്കിലും കണ്ട് വർദ്ധിക്കണം.

പെട്രോൾ, മദ്യം തുടങ്ങി നിലവിലുള്ള വില്പന നികുതിയും ആഡംബര നികുതിയും മറ്റും കഴിഞ്ഞ വർഷം 4204.71 കോടി രൂപ പിരിഞ്ഞിടത്ത് നടപ്പുവർഷത്തിൽ 1476.85 കോടി രൂപയെ ആയിട്ടുള്ളൂ. ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഇന്ധന കുടിശ്ശിക അധിക

രിച്ചതിനാൽ എണ്ണ കമ്പനികൾ നികുതി അടയ്ക്കുന്നതിന് സാവകാശം നൽകിയതും കൊച്ചിൻ റിഫൈനറി ഭാരത് പെട്രോളിയം സംയോജനം കാരണം മൂലം അന്തർ സംസ്ഥാന നികുതി നഷ്ടപ്പെട്ടതും ഈ ഇടിവിനൊരു കാരണമാണ്. പക്ഷെ ഇതൊന്നും വാറ്റ് നികുതി ലക്ഷ്യത്തിലെത്താത്തതിന് വിശദീകരണമല്ല. കേരളത്തിന്റെ വ്യാപാരത്തിൽ അഭിവൃദ്ധിയെ ഉണ്ടായിട്ടുള്ളു. ഇത്തവണത്തെ ഓണത്തിന് കമ്പോളത്തിൽ അഭൂതപൂർവ്വമായ ഉണർവ്വാണ് ദൃശ്യമായത്.

എന്നിട്ടും എന്തുകൊണ്ട് വാറ്റ് പ്രതീക്ഷയ്ക്കനുസരിച്ച് ഉയർന്നില്ല? കാരണം സുവ്യക്തമാണ്. വ്യാപാരികൾ നൽകുന്ന പ്രതിമാസ റിട്ടേണുകളിൽ വ്യാപാരത്തിലുണ്ടായ അഭിവൃദ്ധി പ്രതിഫലിക്കുന്നില്ല. അതല്ലെങ്കിൽ അനർഹമായ തോതിൽ ഇൻപുട് ടാക്സ് ക്രെഡിറ്റ് പലരും എഴുതി വാങ്ങുന്നു. ഇത് രണ്ടും കണ്ടുപിടിക്കുന്നതിന് നികുതി വകുപ്പ് നടത്തുന്ന റിട്ടേൺ സ്ക്രൂട്ടിനിയ്ക്കും ഓഡിറ്റിനും കഴിയുന്നില്ല.

ഇതിന് പരിഹാരമായി ചിലർ നിർദ്ദേശിക്കുന്നത് വില്പന നികുതി കാലത്തെ പോലെ കട പരിശോധന തുടങ്ങണമെന്നാണ്. ഈ മൂന്നാം മുറയുടെ യുഗം അവസാനിച്ചിരിക്കുന്നു. ഇതിനു പകരം ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി സ്ക്രൂട്ടിനിയും ഓഡിറ്റും ശാസ്ത്രീയമാക്കുക എന്നതാണ് പരിഹാരം.

വാളയാർ ചെക്ക്പോസ്റ്റിൽ നിന്നും അതുപോലെ മറ്റ് ചെക്ക് പോസ്റ്റുകളിൽ നിന്നും ലഭ്യമാകുന്ന കണക്കുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വ്യാപാരികളുടെ നികുതി റിട്ടേണുകളെ ശാസ്ത്രീയമായ പരിശോധനയ്ക്ക് വിധേയമാക്കുവാനാണ് പരിപാടി. ഇതാണ് ഭവാളയാറിൽ നിന്നും എറണാകുളത്തേക്ക് എന്ന യജ്ഞത്തിന്റെ മുഖ്യലക്ഷ്യം.

## ഇന്നത്തെ സ്ക്രൂട്ടിനിയും ഓഡിറ്റും: വിമർശനം

കണക്കുകൾ പരിശോധിച്ചാൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന നികുതി റിട്ടേണുകളുടെ പരിശോധന എത്ര അപര്യപ്തമാണെന്ന് മനസ്സിലാക്കുന്നതിന് പ്രയാസമുണ്ടാവില്ല. ഉദാഹരണത്തിന് 2007 ആഗസ്റ്റ് വരെ 51,409 നികുതി റിട്ടേണുകളാണ് എറണാകുളം ഉപജില്ലയിൽ ആകെ ലഭിച്ചത്. ഇതിൽ വിശദമായ സ്ക്രൂട്ടിനിക്ക് വിധേയമാക്കിയത് 26,946-ണ്. ആകെ 2083 നോട്ടീസുകളാണ് വീഴ്ചകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് നൽകിയത്. ഇതിലൂടെ അധികമായി സമാഹരിച്ചത് 77 ലക്ഷം രൂപ മാത്രമാണ്. റിട്ടേൺ പ്രകാരം ലഭിച്ച നികുതി വരുമാനം 968 കോടി രൂപയാണ്. വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ഉണ്ടായ നികുതി വരുമാന വർദ്ധന കേവലം 0.08 ശതമാനം മാത്രമാണെന്ന് കാണാം. ഫലത്തിൽ വ്യാപാരികൾ സ്വയം പ്രഖ്യാപിച്ച് തരുന്ന നികുതി പണം വാങ്ങിച്ച് ട്രഷറിയിൽ അടയ്ക്കുന്ന പ്രവർത്തനമേ പ്രായോഗികമായി നടക്കുന്നുള്ളു.

53 ആഡിറ്റ് വിസിറ്റാണ് ആകെ നടന്നിട്ടുള്ളത്. ബെസ്റ്റ് ജഡ്ജുമെന്റ് അസ്സസ്മെന്റ് 113-ആണ്. ഇതിലൂടെ അധികമായി സമാഹരിക്കുവാൻ കഴിഞ്ഞത് 1.26 കോടി രൂപ മാത്രമാണ്. ഇത് വാറ്റ് വരുമാനത്തിന്റെ 0.13 ശതമാനമെ വരു. ഇതേ പ്രതിഭാസം തന്നെയാണ് സംസ്ഥാനത്തുടനീളം കാണുവാൻ കഴിയുന്നത്.

വാറ്റ് റിട്ടേണുകളുടെ സ്ക്രൂട്ടിനിയാണ് വാറ്റ് അഡ്മിനിസ്ട്രേഷന്റെ അടിത്തറ. ഫലപ്രദമായ സ്ക്രൂട്ടിനി നടത്തുവാൻ കഴിയുന്നില്ലെങ്കിൽ വാറ്റ് സംവിധാനം പരാജയപ്പെടും. റിട്ടേൺ സ്ക്രൂട്ടിനിയിൽ ഗൗരവതരമായ ഒരു സമീപനം പല ഓഫീസർമാരുടെ ഭാഗത്തു നിന്നും ഇതുവരെ ഉണ്ടായിട്ടില്ല. സി.എസ്.ടി. നിയമമനുസരിച്ച് വ്യാപാരികൾ ഫയൽ ചെയ്യുന്ന ഫോറം നമ്പർ 2 റിട്ടേണുകൾ ഒന്നുപോലും എറണാകുളം ജില്ലയിൽ സ്ക്രൂട്ടിനിക്ക് വിധേയമാക്കിയതായി കാണുന്നില്ല. ഇതുവളരെ ഖേദകരമാണ്. സി.എസ്.ടി. റിട്ടേണുകളും യഥാസമയം സ്ക്രൂട്ടിനിക്ക് വിധേയമാക്കണം. കമ്പ്യൂട്ടറൈസേഷന്റെ പൂർത്തീകരണത്തിനുള്ള കാലതാമസം സ്ക്രൂട്ടിനിയെ ഗൗരവതരമായി ബാധിച്ചിട്ടുണ്ട്. റിട്ടേണുകൾ ഫയൽചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തലും ഫയൽചെയ്ത റിട്ടേണുകൾ കൃത്യമായി

സ്ക്രൂട്ടിനിക്ക് വിധേയമാക്കുന്നതും ബന്ധപ്പെട്ട ഓഫീസറുടെ കാര്യക്ഷമതയുടെ പ്രകടമായ അളവുകോലാണ്.

ഓഡിറ്റ് മാന്വൽ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഓഡിറ്റ് അസസ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ജില്ലകളിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഐകരൂപ്യം നിലവിലില്ല. ഓഡിറ്റ് വിസിറ്റിന്റെ മാനദണ്ഡം സുതാര്യമോ നിർണയിക്കാൻ കഴിയുന്നതോ അല്ല. റിട്ടേൺ സ്ക്രൂട്ടിനിയുടെ തുടർച്ചയായിട്ടു വേണം ഓഡിറ്റ് വിസിറ്റ് നടത്തേണ്ടത്. അതുകൊണ്ട് വാറ്റ് സർക്കിളും ഓഡിറ്റ് അസസ്മെന്റ് വിഭാഗവും പ്രത്യേകം പ്രത്യേകം അറകളിൽ തുടരുന്നത് ഉചിതമല്ല. ഈ വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനം അത്യന്താപേക്ഷിതമാണ്.

## കാര്യക്ഷമമായ സ്ക്രൂട്ടിനിയും ഓഡിറ്റും

ഈ സ്ഥിതി വിശേഷം ഇനി തുടരാനാവില്ല. നികുതി റിട്ടേണുകളുടെ സ്ക്രൂട്ടിനിയും സംശയാസ്പദമായ കേസുകളുടെ ആഡിറ്റും ഒരു ചടങ്ങു മാത്രമായി തീർന്നിരിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിന് ഒരു ക്രാഷ് പ്രോഗ്രാം എറണാകുളത്ത് സംഘടിപ്പിക്കുകയാണ്. റിട്ടേൺ സ്ക്രൂട്ടിനിയാണ് വാറ്റ് നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട നടപടി ക്രമം. വ്യാപാരി തരുന്ന റിട്ടേൺ സ്വീകരിക്കുന്നതോടെ സെൽഫ് അസ്സസ്മെന്റ് പൂർത്തിയാവുകയാണ്. വില്പന നികുതി നിയമത്തിൽ ചെയ്യുന്നതുപോലെ സാധാരണ ഗതിയിൽ എല്ലാ വ്യാപാരികളുടെയും കണക്ക് വിളിച്ച് പരിശോധിച്ച് റിട്ടേൺ തീർപ്പാക്കുന്ന സമ്പ്രദായം വാറ്റ് നിയമത്തിലില്ല. അതിനാൽ യഥാർത്ഥത്തിൽ ലഭിക്കേണ്ട നികുതി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള ഏകമാർഗം റിട്ടേൺ സ്ക്രൂട്ടിനി മാത്രമാണ്. ഇതോടൊപ്പം ഓഡിറ്റ് പരിശോധനയും ഫലപ്രദമായി നടത്തേണ്ടതുണ്ട്.

എറണാകുളം ജില്ലയിൽ നിന്നും വിൽക്കപ്പെടുന്ന ചരക്കുകൾ പ്രധാനമായും റോഡുകൾ വഴിയാണ് സംസ്ഥാനത്തിന്റെ പുറത്തുനിന്നും വരുന്നത്. ഇതിൽ അധികവും വാളയാർ വഴിയാണ് വരുന്നത്. ഇതോടൊപ്പം തന്നെ കപ്പൽ വഴിയും, റെയിൽ വഴിയും ചരക്കുകൾ വരുന്നുണ്ട്. വില കൂടിയതും ഭാരം കുറഞ്ഞതുമായ അപൂർവ്വം ചരക്കുകൾ വായുമാർഗവും വരുന്നുണ്ട്.

സംസ്ഥാനത്തിനു പുറത്തു നിന്നും വരുന്ന ചരക്കുകളുടെ കണക്ക് കൃത്യമായും സമയബന്ധിതമായും ബന്ധപ്പെട്ട വാറ്റ് സർക്കിളുകളിൽ എത്തിക്കുകയും അത് വ്യാപാരിയുടെ അസ്സസ്മെന്റ് ഫയലുകളിൽ എത്തിച്ച് അതിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് ജീവനക്കാരെ തയ്യാറാക്കുന്നതിനുള്ള പരിശീലനം പൂർത്തിയായി കഴിഞ്ഞു.

റിട്ടേണിനോടൊപ്പം വ്യാപാരികൾ ഫയൽ ചെയ്യുന്ന പർച്ചേസ് ലിസ്റ്റുകളിലെ വിവരങ്ങൾ ചെക്ക്പോസ്റ്റ് ഡിക്ലറേഷനുകളുമായി ഒത്തുനോക്കി റിട്ടേണിന്റെ കൃത്യത ഉറപ്പുവരുത്തലാണ് പ്രവർത്തന പരിപാടിയുടെ ആദ്യഘട്ടം. ചെക്ക്പോസ്റ്റുകളിൽ നിന്നും ലഭിക്കുന്ന ഡിക്ലറേഷനുകൾ പോലെ തുറമുഖത്തു നിന്നും വിമാനത്താവളത്തിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ശേഖരിക്കുന്ന അന്തർസംസ്ഥാന ചരക്ക് ഗതാഗതത്തിലെ വിവരങ്ങളുമായും ഒത്തുനോക്കി റിട്ടേണിന്റെ കൃത്യത ഉറപ്പുവരുത്തണം.

ഇതോടൊപ്പം തന്നെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം.

1. വിൽപ്പയും വാങ്ങലും പൊരുത്തപ്പെടുന്നുണ്ടോ?
2. വില്പന വില വാങ്ങിയ വിലയുമായി താരതമ്യം ചെയ്യുമ്പോൾ യുക്തിസഹമാണോ?
3. നികുതി നിരക്ക് ശരിയാണോ?
4. ഒന്നാംഘട്ട വില്പനയ്ക്കുമേൽ ബില്ലിലൂടെ പിരിച്ചെടുത്ത നികുതി ഒടുക്കിയിട്ടുണ്ടോ?

എറണാകുളം ഒന്നാംഘട്ടം വില്പനക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ്. അതോടൊപ്പം തന്നെ രണ്ടാംഘട്ട-മൂന്നാംഘട്ട വില്പനക്കാരുടെ കാര്യവും പരിശോധിക്കേണ്ടതുണ്ട്. ഒന്നാംഘട്ട വില്പനക്കാർ

തന്നെ സംസ്ഥാനത്തിനകത്തു നിന്നും ചരക്കുകൾ വാങ്ങിയിരിക്കും. 25 ലക്ഷം രൂപയുടെ നികുതി ബാധ്യതയുള്ള മുഴുവൻ വ്യാപാരികളും ഇ-റിട്ടേണുകൾ ഫയൽ ചെയ്യുവാൻ ബാധ്യസ്ഥരാണ്. ചെക്ക്പോസ്റ്റ് ഡിക്ലറേഷൻ എന്ന കാര്യത്തെപ്പോലെ ഇ-റിട്ടേണുകളോടൊപ്പം ഫയൽ ചെയ്യുന്ന ഒന്നാം ഘട്ട-രണ്ടാംഘട്ട-മൂന്നാംഘട്ട വില്പന വിവരങ്ങൾ ബന്ധപ്പെട്ട ടിൻ അക്കൗണ്ടിലേക്ക് പോകേണ്ടതുണ്ട്. ഇന്നിപ്പോൾ ഇതു സംബന്ധിച്ച വിവര സഞ്ചയം പരിമിതമാണ്. എന്നാൽ വാറ്റ് നികുതി സമ്പ്രദായത്തിന്റെ കാര്യക്ഷമത വർദ്ധിക്കുന്തോറും നികുതി വിവര അടിത്തറ ശക്തമാകും. ഇതു കൂടി ഉപയോഗിച്ചു കൊണ്ടു വേണം ഇൻപുട് ടാക്സ് ക്രെഡിറ്റ് പരിശോധന പൂർത്തീകരിക്കേണ്ടത്. വിവിധയിനം ചരക്കുകൾക്ക് ഇൻപുട് ടാക്സും ഔട്ട്പുട്ട് ടാക്സും സംബന്ധിച്ചുള്ള മാനദണ്ഡം നമ്മുടെ പരിചയത്തിന്റെ അടിസ്ഥാനത്തിൽ താമസംവിനാ രൂപപ്പെടുത്തുവാൻ കഴിയും. ഇത് സ്ക്രൂട്ടിനിയെ എളുപ്പമാക്കും.

വാറ്റ് സംവിധാനത്തിന്റെ വിജയം നിർണയിക്കുന്നത് ഓഡിറ്റ് അസസ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനമാണ്. അതുകൊണ്ട്തന്നെ ഓഡിറ്റ് മാന്വൽ എത്രയും പെട്ടെന്ന് തയ്യാറാക്കണം. ഫലപ്രദമായ റിട്ടേൺ സ്ക്രൂട്ടിനിയുടെ തുടർപ്രവർത്തനമായി ഓഡിറ്റ് വിസിറ്റ് രൂപാന്തരപ്പെടണം. ഓഡിറ്റ് വിസിറ്റിനുള്ള കേസുകൾ തിരഞ്ഞെടുക്കുന്നതിന് സുതാര്യവും നിർണയിക്കാവുന്നതുമായ മാനദണ്ഡങ്ങൾ രൂപപ്പെടുത്തുകയും വേണം.

വാറ്റ് സർക്കിളുകളുടെയും ഓഡിറ്റ് അസസ്മെന്റ് വിഭാഗത്തിന്റെയും പ്രവർത്തനത്തിലുള്ള പൂർണമായ പ്രവർത്തന ഏകോപനത്തിലൂടെ മാത്രമേ വാറ്റ് സർക്കിളുകളുടെയും ഓഡിറ്റ് അസസ്മെന്റ് വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ഇതിനുള്ള ഒരു വിശദമായ പരിപാടി തയ്യാറാക്കി നടപ്പാക്കാൻ പോവുകയാണ്. എറണാകുളം ജില്ലയിലാണ് ഇത് ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാൻ പോകുന്നത്. കേരളത്തിലെ നികുതി വരുമാനം ഉയർത്തുന്നതിനുള്ള ഈ പുതിയ യജ്ഞത്തിന്റെ വിവരാടിത്തറ ചെക്ക്പോസ്റ്റിൽ നിന്നാണ് ലഭിക്കുന്നത്.

## വാളയാറിൽനിന്നുമുള്ള കണക്കുകൾ

എല്ലാ ചെക്കുപോസ്റ്റുകളിൽ നിന്നും കണക്കുകൾ ഓൺലൈനായി ബന്ധപ്പെട്ട നികുതി ആപ്പീസിൽ എത്തിക്കുന്നതിനാണ് പരിശ്രമിക്കുന്നത്. നേരത്തെ വെഹിക്കിൾ ചെക്ക് രജിസ്റ്ററിൽ ചരക്കുകൾ കടന്നുപോകുന്നതിനുമുമ്പ് ശേഖരിക്കുന്ന വിവരങ്ങൾ നൽകിയത് ഓർക്കുമല്ലോ. അവ മാന്വലായി രജിസ്റ്ററിൽ ചേർക്കുന്നതിനുപകരം കൗണ്ടറിലിരിക്കുന്ന ജീവനക്കാരൻ നേരിട്ട് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുക എന്നുള്ളതാണ് പുതിയ സമ്പ്രദായം. വെഹിക്കിൾ ചെക് രജിസ്റ്ററിൽ ചരക്കിന്റെ പൊതുവായ പേരും തൂക്കവും വിലയും മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. ഓരോ ഇനം ചരക്കിനെയും കുറിച്ചുള്ള വിശദാംശങ്ങൾ അറിയണമെങ്കിൽ ചെക്ക്പോസ്റ്റിൽ സൂക്ഷിച്ചിരിക്കുന്ന ബില്ലും ഇൻവോയ്സും നോക്കണം. ഇപ്പോൾ ഈ വിവരങ്ങളും തത്സമയം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുകയാണ്. അങ്ങനെ കേരളത്തിലേക്ക് കടന്നുവരുന്ന ചരക്കിന്റെ തത്സമയ വിവരങ്ങൾ ബന്ധപ്പെട്ട നികുതി ആപ്പീസിൽ എത്തിക്കാം. ഇതിനെയാണ് ഓൺലൈൻ ഡാറ്റാ എൻട്രി സമ്പ്രദായം എന്നു പറയുന്നത്. ഈ ധനകാര്യ വർഷത്തിൽ എല്ലാ ചെക്കുപോസ്റ്റുകളെയും ഓൺലൈൻ ആക്കുക എന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നികുതി പിരിവിന്റെ കാര്യക്ഷമതയിൽ ഇത് ഒരെടുത്തു ചാട്ടം സൃഷ്ടിക്കും എന്നതിൽ സംശയമില്ല.

വാളയാർ ഇൻ - ചെക്ക്പോസ്റ്റിൽ 01.04.2007 മുതൽ ഡേറ്റാ എൻട്രി ഓൺലൈനായിട്ടാണ് നടത്തി വരുന്നത്. അഴിമതിരഹിത വാളയാർ പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് ഇൻ - ചെക്ക്പോസ്റ്റിൽ 6 കൗണ്ടറുകൾ പ്രവർത്തിച്ചിരുന്നു. ഇതിൽ ഒരു കൗണ്ടർ ക്യാഷ് മാത്രം കൈകാര്യം ചെയ്യുന്നതിനു വേണ്ടിയും മറ്റൊരു കൗണ്ടർ പാർസൽ വാഹനങ്ങൾ കൈകാര്യം ചെയ്യുന്നതിനും മാത്ര

മായിരുന്നു. ക്യാഷ് കൗണ്ടറിൽ ക്ലാർക്കുമാർ ഉണ്ടായിരുന്നില്ല. പാർസൽ കൗണ്ടറിൽ ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിരുന്നില്ല. മാനുവലായിട്ടാണ് അവിടെ ഡേറ്റാ എൻട്രി നടത്തിയിരുന്നത്. 4 ജനറൽ കൗണ്ടറുകളിലും ഡേറ്റാ എൻട്രി ഓൺലൈനായിട്ട് ചെയ്തു വന്നിരുന്നു. ഔട്ട് ചെക്ക്പോസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്തിട്ടില്ല. അവിടെ അന്നും ഇന്നും മാനുവലായിട്ടാണ് ഡേറ്റാ എൻട്രി നടത്തിവരുന്നത്. പലപ്പോഴും വൈദ്യുതി തകരാറുമൂലം ഓൺലൈൻ എൻട്രി തടസ്സപ്പെട്ടിട്ടുണ്ട്. അപ്പോഴൊക്കെ മാനുവലായിട്ടാണ് എൻട്രി നടത്തിവന്നിരുന്നത്.

അഴിമതിരഹിത വാളയാർ പദ്ധതിയുടെ ഉദ്ഘാടനത്തെത്തുടർന്ന് 10 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ ക്ലർക്കുമാരെ സഹായിക്കുന്നതിനുവേണ്ടി നിയോഗിക്കുകയുണ്ടായി. പദ്ധതിയുടെ ഭാഗമായി കൗണ്ടറുകളുടെ എണ്ണം വർദ്ധിപ്പിച്ചു. ഇൻ - ചെക്ക് പോസ്റ്റിൽ 10 കൗണ്ടറുകൾ നിലവിൽ വന്നു. ഇതിൽ ഒരു കൗണ്ടർ ക്യാഷിനും രണ്ട് കൗണ്ടർ പാർസലിനുമായി മാറ്റിവച്ചു. തുടക്കത്തിൽ പാർസൽ ഒഴിച്ചുള്ള കൗണ്ടറുകളിൽ ഡേറ്റാ എൻട്രി ഓൺലൈനായാണ് നടത്തിവന്നിരുന്നത്. എന്നാൽ ഡേറ്റാ എൻട്രിയിലെ കാലതാമസം ഓണക്കാലത്ത് സുഗമമായ ചരക്ക് ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നു എന്ന് കണ്ടതിനാൽ 15.08.2007 മുതൽ വാളയാറിൽ ഓൺലൈൻ എൻട്രി താത്കാലികമായി നിർത്തിവച്ചു.

വാളയാർ ചെക്ക്പോസ്റ്റിൽ നിന്നുള്ള രേഖകൾ യഥാസമയം പാലക്കാട് ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസിലെത്തിച്ച് അവിടെ നിന്ന് ഡേറ്റാ എൻട്രി ചെയ്യുന്ന സമ്പ്രദായം നടപ്പിലാക്കി. ഇതിനുവേണ്ടി ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസിൽ 28 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ താത്കാലികമായി നിയോഗിച്ചു. ഓപ്പറേഷൻ വാളയാർ ആരംഭിച്ച ആഗസ്റ്റ് മാസംമുതലുള്ള ഡിക്ലറേഷൻസ് ഡേറ്റാ എൻട്രി നടത്തി കഴിഞ്ഞു. ഒക്ടോബറിൽ ഡേറ്റാ എൻട്രി കൺകറന്റായി ചെയ്യുവാൻ കഴിയും.

ഗോപാലപുരം, മീനാക്ഷിപുരം, ഗോവിന്ദപുരം ചെക്ക്പോസ്റ്റുകൾ ഇപ്പോൾ ഓൺലൈനായിട്ടുണ്ട്. അവിടെ ഡേറ്റാ എൻട്രി ചെയ്യുന്നതിനായി 3 വീതം ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ താത്കാലികമായി നിയോഗിച്ചിട്ടുണ്ട്.

വാളയാറിൽനിന്നുള്ള രേഖകൾ ഡാറ്റാ എൻട്രി ചെയ്യുന്നതിനും ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അയക്കുന്നതിനും എടുത്ത നടപടികളിലെ പോരായ്മകൾ അടിയന്തിരമായി പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ വാളയാർ ചെക്പോസ്റ്റിൽ ഡിക്ലറേഷനായി ലഭിച്ചരേഖകൾ ഡാറ്റാ എൻട്രി ചെയ്തവ കുടിശ്ശിക എന്നിവ സംബന്ധിച്ച വിവരങ്ങൾ പട്ടിക 7.3 കൊടുത്തിരിക്കുന്നു. ഓൺലൈനായി ഡേറ്റാ എൻട്രി നടത്തി വന്ന മാസങ്ങളിൽപോലും 20,000-ത്തിൽപ്പരം ഡിക്ലറേഷൻസാണ് ഓൺലൈനായി എൻട്രി ചെയ്തിട്ടുള്ളത്.ഇതുകൂടാതെ 2005-06, 2006-07 വർഷങ്ങളിലെ കുടിശ്ശികയായിട്ടുള്ള ഡിക്ലറേഷനുകളും ഡേറ്റാ എൻട്രി ചെയ്യണം. ഭാരിച്ച പണിയാണിത്. ഈ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. രേഖകളുടെ എണ്ണത്തിൽ 30 ശതമാനം ഔട്ട്-ചെക്ക്പോസ്റ്റിൽ നിന്നും ഉള്ളവയാണ്. ഇവ ഡേറ്റാ എൻട്രി ചെയ്യേണ്ടതില്ല. എന്നാൽ അകത്തേക്കുള്ള ചെക്ക് പോസ്റ്റിന് പാർസൽ ചരക്കുകളുടെ ഡിക്ലറേഷനുകൾ ഡേറ്റാ എൻട്രി ചെയ്യണം. ഒക്ടോബർ മാസം മുതൽ ഡിക്ലറേഷൻ ഫോറങ്ങൾ ഏതാണ്ട് കൺകറന്റായി ഡേറ്റാ എൻട്രി ചെയ്യുന്നതിനാണ് തീരുമാനം. തത്കാലം ഓൺലൈൻ ഡേറ്റാ എൻട്രിയിലേക്ക് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അഴിമതി രഹിത വാളയാർ പരിപാടിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി ചെക്പോസ്റ്റുകളിലെ നടപടിക്രമങ്ങൾ സംയോജിപ്പിക്കുകയും പുനഃസംവിധാനം ചെയ്യുന്ന വേളയിൽ വാളയാറിലെ ഡാറ്റാ എൻട്രി വീണ്ടും ഓൺലൈൻ ആക്കുന്നതാണ്.

പട്ടിക 7.3

*വാളയാറിൽനിന്നുള്ള ഡിക്ലറേഷൻ ഫോറങ്ങളും അവയുടെ ഡാറ്റാ എൻഡ്രിയും*

| മാസം | രേഖകളുടെ എണ്ണം | ഓൺലൈനായി ഡാറ്റാ എൻട്രി ചെയ്തവ | ബാക്ക് എൻഡ് ഡാറ്റാ എൻട്രി ചെയ്തവ | ജില്ലകളിലേക്ക് പോസ്റ്റിൽ അയച്ചവ |
|---|---|---|---|---|
| ജൂൺ | 112794 | 22276 | Nil | Nil |
| ജൂലൈ | 240102 | 23513 | Nil | Nil |
| ആഗസ്ത് | 226516 | 10363 | 6338 | Nil |
| സെപ്തംബർ | 181878 | Nil | 17125 | 22506 |

അഴിമതിരഹിത വാളയാർ പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പുള്ള കാലയളവിൽ പ്രത്യേകിച്ച് 2005-06, 2006-07 കാലങ്ങളിലെ നിരവധി ഡിക്ലറേഷനുകൾ സോർട്ട് ചെയ്യാതെ വാളയാർ ചെക്ക് പോസ്റ്റിന് സമീപമുള്ള ഒരു സ്വകാര്യ കെട്ടിടത്തിൽ കൂട്ടിയിട്ടിരുന്നു. ഗുരുതരമായ കൃത്യവിലോപമാണ് ഇവിടെ സംഭവിച്ചത്. ഇത് ശ്രദ്ധയിൽപ്പെട്ടയുടനെ ഈ ഡിക്ലറേഷനുകളെല്ലാം പാലക്കാട് ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസിലേക്കെത്തിക്കുകയും ഇവ ഡേറ്റാ എൻട്രി ചെയ്യുന്നതിന് 7 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ താത്കാലികമായി നിയോഗിക്കുകയും ചെയ്തു. ഈ പ്രത്യേക ആവശ്യത്തിനായി 10 കമ്പ്യൂട്ടർ കൂടി വാങ്ങുവാൻ നിശ്ചയിച്ചിട്ടുണ്ട്. ഇത് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക വന്നിട്ടുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ്.

### വിമർശനങ്ങൾ

വാളയാറിൽ ഓൺലൈൻ ഡാറ്റാഎൻട്രി സമ്പ്രദായം താൽക്കാലികമായി വിമർശനവിധേയമായി. ഇതുമൂലമാണ് നികുതിപിരിവ് കൂടാത്തത് എന്നുവരെ ചിലർ സിദ്ധാന്തിച്ചു. ഇതു സംബന്ധിച്ച് മാധ്യമങ്ങളിൽവന്ന വിമർശനങ്ങളും നികുതി വകുപ്പിന്റെ പ്രതികരണവും താഴെകൊടുക്കുന്നു.

**മാതൃഭൂമി ധനകാര്യം, 2007 ഒക്ടോബർ 01**

**വാളയാർ പരിഷ്കാരം കാര്യക്ഷമമായില്ല**

# നികുതിപിരിവ് ലക്ഷ്യം പാളി

**1056 കോടിയുടെ കുറവ്**

പാലക്കാട്: വാഹനക്കുരുക്കും അഴിമതിയും തുടച്ചുനീക്കാനായെങ്കിലും വാളയാർ ചെക്ക് പോസ്റ്റിൽ അടുത്തയിടെ നടത്തിയ പരിഷ്ക്കാരങ്ങൾ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിൽ പരാജയപ്പെടുന്നു.

അഴിമതിരഹിത വാളയാർ നടപ്പാക്കിയശേഷം അടുത്ത രണ്ടു മാസങ്ങളിൽ നികുതി വരുമാനം കുത്തനെ കുറഞ്ഞിരിക്കുകയാണ്. സംസ്ഥാനത്ത് ഈ വർഷം ആദ്യ ആറുമാസത്തേക്ക് ലക്ഷ്യമിട്ട നികുതി പിരിവും ലക്ഷ്യം കാണാനായില്ല.

ഈ വർഷം ആദ്യ ആറു മാസം 5293 കോടി രൂപയാണ് ലക്ഷ്യമിട്ടിരുന്നത്. സപ്തംബർ

25 വരെ ലഭിച്ചതാകട്ടെ 4237 കോടിയും. 1056 കോടി രൂപയുടെ കുറവ്. കഴിഞ്ഞ വർഷം ഇതേസമയം 3900 കോടിയാണ് ലഭിച്ചത്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ 337 കോടി രൂപയുടെ വർധനയുണ്ട്. പക്ഷേ, ജൂലായ് 31-നു ശേഷം നികുതി പിരിവ് ലക്ഷ്യം കാണാതെ തകിടം മറിയുകയായിരുന്നു.

വാളയാർ പരിഷ്ക്കാരങ്ങൾ അരങ്ങേറിയ അവസാന രണ്ടു മാസങ്ങളിലാണ് നികുതി പിരിവിൽ പാളിച്ചയുണ്ടായത്. സെപ്തംബർ മാസത്തെ നികുതി വരുമാനം ഇതിന്റെ തെളിവായി കണക്കാക്കാം. 2006 സെപ്തംബറിനെ അപേക്ഷിച്ച് ഈ വർഷം നികുതി വരുമാനം കൂടിയത് തിരുവനന്തപുരം, മട്ടാഞ്ചേരി, മലപ്പുറം എന്നിവിടങ്ങളിൽ മാത്രമാണ്. അഴിമതിരഹിത വാളയാർ നടപ്പാക്കിയ പാലക്കാട് ജില്ലയിൽ 21 ശതമാനം കുറയുകയായിരുന്നു.

കൂടുതൽ വരുമാനം വരുന്ന ഓണക്കാലത്താണ് വാളയാർ പദ്ധതി നടപ്പാക്കിയത്. തിരക്കൊഴിവാക്കാൻ ഉദാരമായ വാഹനപരിശോധനയാണ് പാലക്കാട്ടെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ നടന്നത്.

വാളയാറിലെ ഓൺലൈൻ സംവിധാനവും നിർത്തലാക്കി. നികുതിവെട്ടിച്ച് ചെക്ക്പോസ്റ്റിലൂടെ തന്നെ സുഗമമായി ചരക്ക് കടത്താൻ ഇത് സഹായകമായി എന്നുവേണം കരുതാൻ. കേരളത്തിലേക്ക് വരുന്ന ചരക്കുലോറികളിൽ മൂന്നിൽ രണ്ടുഭാഗവും പാലക്കാട് അതിർത്തിവഴിയാണ്.

20 ശതമാനം നികുതിയുണ്ടായിരുന്ന മിക്ക സാധനങ്ങൾക്കും 12.5 ശതമാനമായി കുറച്ചതും കോമ്പൗണ്ടിങ് കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ചതും പായ്ക്ക് ചെയ്ത ഉത്പന്നങ്ങൾക്കും മരുന്നിനും ഏകമുഖ നികുതി ഏർപ്പെടുത്തിയതും നികുതി വരുമാനം കുറയാൻ കാരണമാണ്.

വാളയാർ പരിഷ്ക്കാരത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ നിന്ന് ജീവനക്കാരെ തലങ്ങും വിലങ്ങും മാറ്റിയത് ചെക്ക്പോസ്റ്റുകളുടെയും ഓഫീസുകളുടെയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

## നികുതിവകുപ്പിന്റെ പ്രതികരണം

*നികുതി വരുമാനത്തിൽ കുത്തനെ ഒരു കുറവും ഉണ്ടായിട്ടില്ല. 2006-ലെയും 2007-ലെയും ആഗസ്റ്റ് മാസം വരെയുള്ള നികുതി വരുമാനത്തിന്റെ കണക്ക് പട്ടിക 6(2) ൽ കൊടുത്തിട്ടുണ്ട്. വാറ്റ് നികുതി കഴിഞ്ഞ വർഷത്തേക്കാൾ 19 ശതമാനമാണ് വർദ്ധിച്ചത്. ഇത് കഴിഞ്ഞ വർഷം കൈവരിച്ച 51 ശതമാനം വർദ്ധനവിനേക്കാൾ താഴ്ന്നതാണ്. ഇതിനുള്ള കാരണവും ഈ അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. വാറ്റ് റിട്ടേൺ സ്ക്രൂട്ടിനിയുടെയും ആഡിറ്റിന്റെയും കാര്യക്ഷമത ഉയർത്തിക്കൊണ്ടു മാത്രമേ നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുകയുള്ളു. ഈ പരിശ്രമത്തിന് അത്യന്താപേക്ഷിതമാണ് വാളയാറിൽ നിന്നും മറ്റു ചെക്ക്പോസ്റ്റുകളിൽ നിന്നുമുള്ള ബില്ലുകളും ഇൻവോയിസുകളും. ഇവ സംബന്ധിച്ച വിവരങ്ങൾ കൃത്യതയോടെ ഇന്ന് ശേഖരിക്കുന്നുണ്ട്. നികുതി പിരിക്കുമ്പോൾ, അഴിമതി നിർമ്മാർജ്ജനം ഇത് ഉറപ്പാക്കിയിട്ടുണ്ട്. എന്നാൽ ഈ വിവരങ്ങൾ കൃത്യമായി വിവിധ ജില്ലകളിലെ ഓഫീസുകളിൽ എത്തണം. ഇതിനു വേണ്ടിയുള്ള കമ്പ്യൂട്ടർ ശൃംഖല സംവിധാനം സെപ്റ്റംബറിലാണ് പൂർത്തിയായത്. എല്ലാ ചെക്ക് പോസ്റ്റുകളിൽ നിന്നും ഓൺലൈനായോ കൺകറന്റായോ വിവരങ്ങൾ അയച്ചുകൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു കഴിഞ്ഞിട്ടുണ്ട്.*

*ആഗസ്റ്റ് മാസത്തിൽ ഓൺലൈനായി വിവരങ്ങൾ അയക്കുന്നത് തത്കാലം നിർത്തിവെച്ചു ഇതെന്തോ ഭയങ്കര തിരിച്ചടിയായിട്ടാണ് പത്രലേഖകൻ ധരിച്ചിട്ടുള്ളത്. വാസ്തവം എന്താണ്?*

*വാളയാർ ഒരിക്കലും സമ്പൂർണ ഓൺലൈൻ ചെക്ക്പോസ്റ്റായിരുന്നില്ല. നേരത്തേ സൂചിപ്പിച്ചതുപോലെ ഔട്ട് ചെക്ക് പോസ്റ്റിലെ ഡാറ്റയും അതുപോലെ പാഴ്സൽ ഡാറ്റയും മാനുവലായി എൻട്രി നടത്തുകയായിരുന്നു. ഓൺലൈൻ ഡാറ്റാ എൻട്രിക്ക് ഓരോ ഡിക്ലറേഷനും 15-20 മിനിറ്റ് ശരാശരി എടുക്കും. ബൃഹത്തായ കോഡ് ലിസ്റ്റിൽനിന്ന് കൃത്യമായ കമ്മോഡിറ്റി കോഡ് നമ്പർ കണ്ടുപിടിച്ചു കഴിയുമ്പോഴേക്കും സമയമേറെ എടുത്തുകഴിയും. വ്യാപാരികളുടെ*

രജിസ്ട്രേഷൻ ഡാറ്റ വളരെ അപൂർണമാണ് എന്നതാണ് ഈ കാലതാമസത്തിനു മുഖ്യ കാരണം. പുതുതായി നിയോഗിക്കപ്പെട്ട നികുതിവകുപ്പ് ജീവനക്കാർ ചുമതലയേറ്റതോടെ കാലതാമസം പിന്നെയും വർധിച്ചു. ഇത് ആദ്യ ആഴ്ചയിലെ ഗതാഗതക്കുരുക്കിനിടയാക്കി. 12 കൗണ്ടറുകൾ പ്രവർത്തിപ്പിച്ചാൽപോലും പ്രശ്നം കൈകാര്യം ചെയ്യാൻ കഴിയില്ല എന്ന് വ്യക്തമായിരുന്നു. ഈ പശ്ചാത്തലത്തിലാണ് ബാക്ക്എൻഡ് ഡാറ്റാഎൻട്രി സമ്പ്രദായത്തിലേക്ക് തൽക്കാലം പിന്മാറാൻ തീരുമാനിച്ചത്.

കണക്കുകൾ മൂന്നോ നാലോ ദിവസം വൈകി ബന്ധപ്പെട്ട നികുതി ആപ്പീസുകളിലെ കമ്പ്യൂട്ടറുകളിൽ എത്തുന്നതുകൊണ്ട് യാതൊരു പ്രശ്നവും സൃഷ്ടിക്കപ്പെടുന്നില്ല. തത്സമയംതന്നെ കണക്കുകിട്ടിയതുകൊണ്ട് പ്രത്യേകിച്ച് കാര്യവുമില്ല. ഇത് ഡാറ്റാഎൻട്രി പ്രായോഗികമായി എങ്ങനെ കൈകാര്യം ചെയ്യണം എന്നതിന്റെ പ്രശ്നം മാത്രമാണ്. അഴിമതി രഹിത വാളയാർ പരിപാടിയുടെ രണ്ടാംഘട്ടത്തിൽപോലും കൗണ്ടറിലെ ക്ലർക്കുമാർതന്നെ കണക്കുകൾ ഡാറ്റഎൻട്രി ചെയ്യുന്നത് വിഭാവനം ചെയ്യുന്നില്ല. അത് സ്വതന്ത്രമായ ഒരു പ്രവർത്തനമായിട്ടാണ് സംവിധാനം ചെയ്യാൻ പോകുന്നത്. പക്ഷേ ബാക്ക് എൻഡ് എൻട്രിയായി നടത്തുന്നതിനു പകരം ഫ്രന്റ്എൻഡ് എൻട്രിയായി നടത്തുന്നതിനായിരിക്കും ശ്രമിക്കുക. ചെക്ക്പോസ്റ്റിലേക്ക് കടക്കുന്ന വേളയിൽതന്നെ രേഖകൾ കൈമാറുകയും അവയുടെ ഡാറ്റാ എൻട്രി തുടങ്ങുകയും ചെയ്യും. മോട്ടോർ വെഹിക്കിൾ, എക്സൈസ് തുടങ്ങിയ ചെക്പോസ്റ്റുകൾ കഴിഞ്ഞ് വണ്ടികൾ ഓടി വാണിജ്യനികുതി ചെക്ക്പോസ്റ്റിൽ എത്തുമ്പോഴേക്കും കണക്കുകൾ വാണിജ്യനികുതി ചെക്ക്പോസ്റ്റ് കൗണ്ടറുകളിലെ കമ്പ്യൂട്ടറിൽ എത്തിയിരിക്കും. അതോടെ തത്സമയ ഡാറ്റാ എൻട്രി പുനഃസ്ഥാപിക്കപ്പെടും.

ഏതായാലും അഴിമതിരഹിത വാളയാർ പദ്ധതി തുടങ്ങിയതിനു ശേഷമുള്ള അകത്തേക്കു വരുന്ന ചരക്കുകളുടെ (പാർസലുകൾ ഒഴികെ) ഡേറ്റാ എൻട്രി പൂർത്തിയായി കഴിഞ്ഞു. ഒക്ടോബർ മുതൽ കൺകറന്റായി ഡേറ്റാ എൻട്രി ചെയ്യും. ഇതിനു പുറമെ 2005-06. ലെയും, 2006-07 ലെയും കുടിശ്ശിക ഡിക്ലറേഷനുകൾ ഡേറ്റാ എൻട്രി ചെയ്യുന്നതിനുള്ള ഏർപ്പാടാക്കിയിട്ടുണ്ട്. അഴിമതിരഹിത വാളയാർ പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തിയാകുന്നതിനുമുമ്പ് മുഴുവൻ ഡേറ്റാ എൻട്രിയും പൂർത്തീകരിച്ചിരിക്കും. ഇതിനു പുറമെ കെട്ടിക്കിടക്കുന്ന ഡിക്ലറേഷനുകൾ ഡേറ്റാ എൻട്രി ചെയ്തതിനു ശേഷം ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിക്കുന്നതിനും ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്.

ഈ രേഖകൾ ഉപയോഗപ്പെടുത്തി റിട്ടേൺ സ്ക്രൂട്ടിനിയും വാറ്റ് ഓഡിറ്റും എങ്ങനെയാണ് ആകെ പുന:സംവിധാനം ചെയ്യാൻ പോകുന്നുവെന്നത് ഈ അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഇതിനുള്ള പരീക്ഷണമാണ് വാളയാറിൽ നിന്നും എറണാകുളത്തേക്ക് എന്ന പരിപാടി. ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വിവരങ്ങൾ ഉപയോഗിച്ച് റിട്ടേൺ സ്കൂട്ടിനി ചെയ്താൽ ആ മാസത്തെ റിട്ടേണിന്റെ സത്യസന്ധത മാത്രമല്ല ഉറപ്പു വരുത്തുന്നത്. ഏതെങ്കിലും ഒരു മാസത്തെ റിട്ടേൺ സ്ക്രൂട്ടിനിയിൽ ആപാകതകൾ കാണുകയാണെങ്കിൽ മുൻമാസങ്ങളിലെ റിട്ടേണുകളും സൂക്ഷ്മമായ സ്ക്രൂട്ടിനിക്ക് വിധേയമാക്കും. നികുതി വർദ്ധിപ്പിക്കുവാൻ മാജിക്ക് ഒന്നും ഇല്ല. ചിട്ടയും ആസൂത്രിതമായ പ്രവർത്തനം മാത്രമേ മാർഗ്ഗമുള്ളു. വാളയാറിന്റെ ഫലം കാണുവാൻ 3 മാസം കൂടി കാത്തിരിക്കണം. ലക്ഷ്യമിട്ട നികുതി പിരിക്കുകതന്നെ ചെയ്യും.

